പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.471 — 10/6/2014-ൽ മറുപടിയ്ക്ക്

## ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു.<br><br>നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന 10% റിബേറ്റിന് പുറമേ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപനയ്ക്ക് 10% റിബേറ്റ് കൂടി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതു മൂലം ഖാദി മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.<br><br>2. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരോടും മറ്റ് ജനവിഭാഗങ്ങളോടും ആഴ്ചയിൽ രണ്ട് ദിവസം ഖാദി / കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി /കൈത്തറിയാക്കണമെന്നും അഭ്യർത്ഥിച്ചു. ഈ സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപനയിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടായി. |

3. ഖാദി വസ്ത്രങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി വിൽപന കേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും പ്രധാന വിൽപന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

5. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് "നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു.

7. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ,പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

9. വിദേശികളേയും മറ്റ് സംസ്ഥാനക്കാരേയും ഉദ്ദേശിച്ചുകൊണ്ട് നെടുമ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദിഗ്രാമ സൗഭാഗ്യ ആരംഭിച്ചു.

10. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തി. ഖാദി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു.

| | |
|---|---|
| (ബി) ഖാദി കോട്ടൺ,പോളി,സിൽക്ക് തുണിത്തരങ്ങൾക്ക് 20 ശതമാനം സ്ഥിരം റിബേറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ? | (ബി) ഖാദി കോട്ടൺ,സിൽക്ക് തുണിത്തരങ്ങൾക്ക് 20 ശതമാനം സ്ഥിരം റിബേറ്റ് ഇപ്പോൾ നൽകുന്നുണ്ട്. പോളി തുണിത്തരങ്ങൾക്ക് നിലവിൽ 10 ശതമാനമാണ് നൽകുന്നത്. ഇത് ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ